


# ധ്വനി

# ഡി ബി എച്ച് എസ് എസ് തിരുവല്ല





Courtesy, E. Gopinatha Menon.

തിരുവല്ല നഗരത്തിന്റെ പടിഞ്ഞാറുഭാഗത്തായി സ്ഥിതി ചെയ്യുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ് ദേവസ്വം ബോർഡ് ഹയർസെക്കണ്ടറി സ്കൂൾ . ഹിന്ദു സ്കൂൾ' എന്ന പേരിലാണ് പൊതുവെ അറിയപ്പെടുന്നത്. 1922-ൽ സ്ഥാപിച്ച ഈ വിദ്യാലയം പത്തനംതിട്ട ജില്ലയിലെ ഏറ്റവും പഴക്കമേറിയ വിദ്യാലയങ്ങളിലൊന്നാണ്. ചരിത്രം

പത്തനംതിട്ട ജില്ലയിലെ ഏക റെയിൽവേ സ്റ്റേഷൻ സ്ഥിതിചെയ്യുന്ന തിരുവല്ലയിൽ നിന്ന് നാലു കിലോമീറ്റർ പടിഞ്ഞാറ് കാവുംഭാഗം എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന സ്കൂളാണ് ഡി.ബി.എച്ച്. എസ്.എസ്. 1922 ൽ ആരംഭിച്ച ഈ സ്കൂൾ "ഹിന്ദു ഇംഗ്ളീഷ് മിഡിൽ സ്കൂൾ" ഏന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. തുടർന്ന് 1952 ൽ ഈ സ്ഥാപനം ദേവസ്വം ബോർഡിന് കൈമാറുകയും ഡി.ബി. എച്ച്. എസ്.എസ്. എന്നറിയപ്പെടുകയും ചെയ്യുന്നു

## പാഠ്യേതര പ്രവർത്തനങ്ങൾ

- ലിറ്റിൽ കൈറ്റ്സ്
- ഗ്രന്ഥശാല
- എൻ സി സി
- സ്റ്റുഡന്റ് പോലീസ് കേഡറ്റ്
- വിദ്യാരംഗം
- ജൂനിയർ റെഡ്ക്രോസ്

പത്തനംതിട്ട ജില്ലയുടെ സാംസ്കാരിക തലസ്ഥാനം എന്നറിയപ്പെടുന്ന തിരുവല്ല നഗരത്തിന്റെ തിലകക്കുറിയാണ് തിരുവല്ല കാവുംഭാഗം ദേവസ്വം ബോർഡ് ഹയർ സെക്കന്ററി സ്കൂൾ.പാരമ്പര്യവും പ്രൗഢിയും ഒത്തുചേർന്ന ഈ അക്ഷര മുത്തശ്ശിക്ക് ഇപ്പോൾ വയസ്സ് 95 . ഇന്നും യൗവനത്തുടിപോടെ പരിലസിക്കുന്ന ഈ അക്ഷരമുത്തശ്ശിയുടെ മടിത്തട്ടിൽകിടന്ന് ചിരിച്ചും , കളിച്ചും , പഠിച്ചും , ചിന്തിച്ചും വളർന്ന മക്കൾ ലോകത്തിന്റെ നാനാ തുറകളിൽ ശുഭ്രനക്ഷത്രങ്ങളായി പരിലസിക്കുന്നുണ്ട്. ഈ വളർച്ചക്ക് ഹേതു ഇവിടെ ഒത്തു തുഴഞ്ഞ കഠിനാധ്വാനികളും ത്യാഗസന്നദ്ധരുമായ അദ്ധ്യാപകരും രക്ഷാകർത്താക്കളുമാണ്. ഈ സരസ്വതീക്ഷേത്രത്തിന്റെ കുടുംബ ചരിത്രത്തിലൂടെ ഒരു തീർത്ഥയാത്ര നടത്താം . കൊല്ലവർഷം 1028 ഇടവമാസം 5 - ാം തീയതി(1923) തിരുവല്ലാ കാവുംഭാഗം ഹിന്ദു ഇംഗ്ലീഷ് മിഡിൽ സ്കൂൾ എന്ന പേരിലാണ് ഈ അക്ഷരമുത്തശ്ശിയുടെ ജനനം.ദിവംഗതരായ വില്യുവട്ടത്ത് കൃഷ്ണൻനമ്പ്യാർ വട്ടപ്പറമ്പിൽ രാമൻ വല്യത്താൻ, അഡ്വ. ഈശ്വരൻ നമ്പൂതിരി തുടങ്ങിയ മഹത് വ്യക്തികളുടെ അക്ഷീണ പരിശ്രമഫലമാണ് ഇത് സാധ്യമാക്കിയത്. പ്രഗൽഭരായ മാനേജർമാരുടെ ഭരണത്തിൽ സ്കൂൾ പുരോഗതിയിൽ നിന്നും പുരോഗതിയിലേക്കു വളർന്നു. ഹൈസ്കൂളായതോടെ തിരുവല്ലാ കാവുംഭാഗം ഹിന്ദു ഹൈസ്കൂളായിമാറി. മാനേജിങ് കമ്മിറ്റയുടെ കഠിന പരിശ്രമത്താൽ 1952ൽ ഈ സ്കൂൾ ദേവസ്വം ബോർഡ് ഏറ്റടുക്കുകയും തിരുവല്ലാ ദേവസ്വം ബോർഡ് ഹൈ സ്കൂളായി മാറുകയും ചെയ്തു. 1998ൽ ഹയർ സെക്കന്ററി സ്കൂളാക്കുകയും ചെയ്തു

ഭൗതികസൗകര്യങ്ങൾ

തിരുവല്ല - കായംകുളം സംസ്ഥാന പാതയോരത്ത് കാവുംഭാഗം കവലയ്ക്കു



സമീപം ശതാബ്ദിയുടെ ശബളിമ ചൂടാനൊരുങ്ങുന്ന ദേവസ്വം ബോർഡ് ഹയർ സെക്കണ്ടറി സ്കൂൾ നിലകൊള്ളുന്നു. 3.50 ഏക്കറോളം വരുന്ന നിരപ്പു ഭൂമിയിൽ വലിയ തണൽമരങ്ങൾ കുട ചൂടി നിൽക്കുന്ന വിദ്യാലയം ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിൽ ഉയർന്ന നിലവാരം പുലർത്തുന്നു 5 കെട്ടിടങ്ങളിലായി ഹൈസ്കൂളിന് 41 ക്ലാസ് മുറികളും ഹയർ സെക്കണ്ടറിയക്ക് 6 ക്ലാസ്സ് മുറികളുമുണ്ട് .നല്ല വായൂ സഞ്ചാരമുള്ള ക്ലാസ്സ് മുറികളുടെ തറ ടൈലുകൾ പാകി മനോഹരമാക്കിയിരിക്കുന്നതിനോടൊപ്പം ശബ്ദനിയന്ത്രണത്തോടെ ഉച്ചഭാഷിണികളും തണുപ്പേകാൻ ഫാനുകളും ഘടിപ്പിച്ചിരിക്കുന്നു. ഇതിൽ 12 ക്ലാസ്സ് മുറികൾ സ്മാർട്ട് ക്ലാസ്സ് മുറികളാണ്. .ഹൈസ്കൂളിനും ഹയർസെക്കണ്ടറിക്കും വെവ്വേറെ കമ്പ്യൂട്ടർ ലാബുകളുണ്ട്. രണ്ട് ലാബുകളിലുമായി ഏകദേശം അമ്പതോളം കമ്പ്യൂട്ടറുകളുണ്ട്. രണ്ട് ലാബുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്.യു.പിയ്ക്കും ഹൈസ്കൂളിനും ഹയർസെക്കണ്ടറിക്കും പ്രത്യേകം പ്രത്യേകം സയൻസ് ലാബുകളും, സ്മാർട്ട് ക്ലാസ് മുറികളുമുണ്ട്. കുട്ടികളുടെ യാത്രയ്ക്കായി രണ്ട് ബസ്സ് ഉണ്ട്.പെൺകുട്ടികൾക്കു മാത്രമായി രണ്ട് ടോയിലറ്റുകളും ആൺകുട്ടികൾക്ക് 1 ടോയിലറ്റും ഉണ്ട്.ഇവ ടൈലുകൾ പാകി മനോഹരമാക്കിയിരിക്കുന്നു.ഹയർസെക്കണ്ടറിക്ക് പ്രത്യേകടോയിലറ്റുകൾ ഉണ്ട്.ജലലഭ്യതയ്ക്കായി രണ്ട് കിണറുകൾ ഉപയോഗപ്പെടുത്തുന്നു.കുടിവെള്ളത്തിനായി ഹൈസ്കൂളിനും ഹയർസെക്കണ്ടറിക്കും വെവ്വേറെ വാട്ടർ പ്യൂരിഫയർ ഉപയോഗിക്കുന്നു.ഉച്ചഭക്ഷണം പാകം ചെയ്യുന്നതിനായി ടൈലുകൾ പാകി മനോഹരമാക്കിയിരിക്കുന്ന പാചകപ്പുരയും ഭക്ഷണം കഴിക്കുന്നതിനായി ഡൈനിംഗ് ഹാളും ഉണ്ട്.കുട്ടികളുടെ കായികക്ഷമത വളർത്തുന്നതിനു അതിവിശാലമായ ഒരു കളിസ്ഥലവും ,വായനാശീലം പരിപോഷിപ്പിക്കുന്നതിന് ഉതകുംവിധമുള്ള ഗ്രന്ഥശാലയും ,കുട്ടികളുടെ കലാപരിപാടികൾ നടത്തുന്നതിനായി ഉള്ള ആഡിറ്റോറിയവും ഈ വിദ്യാലയത്തെ സന്പുഷ്ട്ടമാക്കുന്നു .ചുറ്റുമതിൽകൊണ്ട് സ്കൂൾ കെട്ടിടങ്ങൾ പൂർണ്ണമായും സംരക്ഷിയ്ക്കപ്പെടുത്തിയിരിയ്ക്കുന്നു.



## LITTLE KITES

Little KITEs' IT Clubs is an unique initiative of KITE, which feature over 1 lakh student members. The Hi-School Kuttikootam programme, which was part of the Public Education Rejuvenation Mission of the State Government, through which students were given intense training in 5 areas such as Animation, Cyber Safety, Malayalam Computing, Hardware and Electronics, has been structurally upgraded in Student Police Cadets model, thus becoming 'Little KITEs IT Clubs'. Little KITEs is set to become the largest Student IT Network in the India. Hon. Chief Minister, Shri. Pinarayi Vijayan of Kerala has launched this unique initiative on 22nd January 2018 at Thiruvananthapuram. In addition to the already



identified 5 Core areas, more topics have been added such as Development of Mobile Apps, Programming, Robotics, E-Commerce, E-Governance, Video Documentation, Web TV etc to the activity bouquet of 'Little KITEs'.



**Time is not measured by the passing of years but by what one does,what one feels and what one achieves"**

**- Jawaharlal Nehru**

പ്രിയപ്പെട്ട സുഹൃത്തുക്കളെ,

സോഷ്യൽ മീഡിയയിലും മൊ-
ബൈൽ ഫോണിലും സമയം പാഴാക്കുന്ന ഈ
കാലകട്ടത്തിൽ കഥയേയും
കവിതയേയും സാഹിത്യത്തേയും സ്നേഹിക്കുന്നവർക്കായി ഈ
മാഗസീൻ തിരുവല്ല ഡീ . ബി. എച്ച്. എസ് സ്കൂളിലെ
ലിറ്റിൽകൈറ്റ്സ് അംഗങ്ങൾ സമർപ്പിക്കുന്നു.

## മാഗസിൻ എഡിറ്റേഴ്സ്

ദേവനന്ദൻ എം എ

ശ്രീഹരി

കൈലാസ്

രുദ്രാക്ഷ്

വിധു ദിലീപ്

# ഉള്ളടക്കം



കവിത


ഓണം

വിഷുദർശനം

പെൺകരുത്ത്

എന്റെ കേരളം




# ഓണം

ഓണമെത്തുമ്പോൾ
ഊഞ്ഞാലാടുമ്പോൾ
ഓണത്തുമ്പിപാറിനടക്കു
ഓണത്തപ്പനെവരവേൽക്കാൻ
ഓണമെത്തുമ്പോൾ കോടിയെ
ടുക്കുമ്പോൾ
മുറ്റം നിറയും ബാല്യങ്ങൾ പൂക്കളമിട്ടു
തുള്ളുന്നു
ഓണമെത്തുമ്പോൾ
സദ്യ ഒരുക്കുമ്പോൾ ഇലയിട്ടുണ്ണും പായസ സദ്യ
ഓണത്തപ്പനു
സമ്മാനം



ഓണമെത്തുമ്പോൾ
കായ വറക്കുമ്പോൾ ഉപ്പേരിക്കായ
കാത്തുനിൽക്കും കുട്ടികളെല്ലാം ആമോദം
ഓണമെത്തുമ്പോൾ
തുമ്പി തുള്ളുമ്പോൾ തുമ്പപ്പൂ മുത്തങ്ങ
ചേരും പാലുതരും മുത്തസ്സിം പുണ്യം
ഓണമെത്തുമ്പോൾ
ചന്തകളുണരുമ്പോൾ വഞ്ചി പാട്ടാൽ
നിറയും കൈരളി തെ രുവോരങ്ങളിൽ
പുലികളിയാട്ടം
ഓണമെത്തുമ്പോൾ
ഒന്നായിക്കൂടുമ്പോൾ
ഓർമകളാടും ബാല്യക്കാലം
പെരുമഴപോലെ പെയ്യുന്നു



ഓണമെത്തുമ്പോൾ
പുണ്യം തേടുമ്പോൾ തൃക്കാക്കരയ
പനുമേലെ മുല്ലപ്പൂകൊണ്ടഭിഷേകം
ഓണമെത്തുമ്പോൾ
ഉത്സവമെത്തുമ്പോൾ
മലയാളത്തിൻ
മാവേലിക്കും മാലോകർക്കും ആഘോഷത്താൽ
വരവേൽപ്പ്
കേരളനാട്ടിൻ വരവേൽപ്പ്

കീർത്തന

# വിഷുദർശനം

കവിത

വിഷുദിനത്തിൽ കണിയൊരുക്കി
കണ്ണനായ് ഗോപാലനായ്
തിരികൊളുത്തി, മന്ത്രമായ് ദർശനം തിരുദർശനം
തിരികൊളുത്തി ഭക്തിയായ് ദർശനം വിഷുദർശനം.
വർഷമൊന്നിൽ
ആചരിക്കും ദിവ്യമാം ശ്രേഷ്ഠി ദിനം
പുലരിപൂത്തു പൂക്കളായി കണിക്കൊന്ന
പൂക്കൾ പീതാംബരം.
കൃഷ്ണവർണ്ണം ശ്യാമവർണ്ണം
വിഷുദിനം പീതാംബരം തൊടിയിലെ തെങ്ങോലയിൽ
മഞ്ഞനക്കിളി
കൂജനം.
കണിയൊരുക്കി
ധന്യമായി
നിറ പൊൻകടം പാൽപ്പായസം കായ്കനികൾ ഫലമൂലാദികൾ
തൃപ്പാദപത്മം ദർശനം.
പൊൻ നാണയം നെൽക്കതിരുമണികൾ അക്ഷതം പാൽ വെണ്ണയും
പൂനിറച്ചോരു പാത്രവും കണ്ണുകൾക്കി
ദർശനം. പുണ്യമാം വിഷു ദർശനം. മഞ്ഞപ്പൂക്കൾ കൊന്നപ്പൂക്കൾ
മഞ്ഞപ്പട്ടുടയാടയും
പവിഴരത്നം ചാർത്തി നിൽക്കും
കൃഷ്ണ ബിംബം മോഹനം. വർഷമൊന്നിൽ ആചരിക്കും
ആമൊദമായ്
നാം വിഷുദിനം
മഞ്ഞപട്ടിൽ കൈനീട്ടത്തിൽ ഉണ്ണികൾ ആമോദമായ്,ഓട്ടുരുളിയിൽ
പായസം
മധു ചേർക്കുമാ പഞ്ചാമൃതം
അഷ്ട മഗംല്യാ ദർശനം
വാൽ കണ്ണാടിയിൽ മുഖദർശനം.

മൈഥിലി


# എന്റെ കേരളം

വെള്ളിക്കരയിട്ട മരതക പാട്ടുചുറ്റി
മണ്ണിൻ മാകുടവുമായി വിളങ്ങും
ലവണ്യവതി മനശ്ശാന്തിതരും
മമ ജൻമ നാടേ മനോഹരി ........
കളകളമൊഴികി സ്നിഗ്ദ
മടിത്തട്ടു കണ്ണമാറ ഴ കർന്ന-
തുവികളുമതിൽ മേഘ മേലാപ്പു-
തൊട്ടുമുത്തുംഗ മേറുക്കളും
പച്ചപ്പട്ടു പാവാടയിൽ മിന്നും
വെള്ളിനലിഴപോലെ സംഖ്യം
ശീതളമാമല ഞൊറിയിളകും
കോമലനദികളു മിറൻ തടങ്ങളും
മഞ്ഞുപൊഴിയും വസന്തത്തിൽ
വിരിയുമായിരം പൂവടികൾ
കുളിർത്തെന്നലാഞ്ഞുവീശും
ഉഷ്ണകാലത്തും നീല ജലാശയങ്ങൾ
ഇളം കാറ്റിൽ പാറു മംഗനെ
തൻ ചേല പോലെലംകൃതം ചേലോത്ത
ഞൊറിയും സാഗരം നീളെ ....

മണ്ണിൻ മാദക ഗന്ധം നുകരും
മക്കൾക്കാശ്രയമരുളും മമനാടേ
മനോഹരി.. മനസ്സിൽ
നിൻമുഗ്ധ സൗന്ദര്യം....
മുകരുന്നു- ഞാൻ.


അരവിന്ദ്



"Save the ENVIRONMENT Say 'No' to POLLUTION"
Sania Sabeer


SAY NO! TO PLASTICS

·പെൺകരുത്ത്
തളർന്നിരിക്കാ
തെ
ഉയർത്തെഴുന്നേ
ൽക്കു
· പെൺമകളെ..
ചൂഴാട്ടത്തിൻ
ബന്ധനത്തെ
· വലിച്ചെറിയാനുള്ള
· ശക്തിയുമായി...
കഴുകൻ കണ്ണുകളെ
ചുട്ടെരിക്കാൻ
· പാകമുള്ള തീകനലുമായി
· ഇരുട്ടിന്റെ മറനീക്കി
· വെളിച്ചത്തെ
കൊണ്ടുവരു
·നീ... പ്രതികരിക്കു നീ
നിൻ
ഉറച്ചസ്വരത്താൽ...

അമൃത





# THANKS